I ഇ.ബി. XIV - കേരള നിയമസഭ /XI-9

## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ജൂൺ 19, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

പോലീസ് സേനാംഗങ്ങളെ ദാസ്യവൃത്തിക്ക് നിയോഗിക്കൽ

മി. സ്പീക്കർ: 2011-ലെ കേരള പോലീസ് ആക്ടിന് വിരുദ്ധമായി ഉന്നത പോലീസ് ഉദ്യോഗസ്ഥർ തങ്ങളുടെ വീടുകളിൽ ദാസ്യവൃത്തിക്കും മറ്റ് കൂലിപ്പണികൾക്കുമായി പോലീസ് സേനാംഗങ്ങളെ ഉപയോഗിച്ചതുമൂലമുണ്ടായ മനുഷ്യാവകാശ ലംഘനങ്ങളും ചട്ടവിരുദ്ധമായ നടപടികളുംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 20-06-1979-ലെ സർക്കാർ ഉത്തരവിന്റെയും കേരള സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഡയറക്ഷന്റെയും അടിസ്ഥാനത്തിലാണ് പോലീസ് സേനാംഗങ്ങളെ ഉന്നത ഉദ്യോഗസ്ഥരോടൊപ്പം നിയമിച്ചിട്ടുള്ളത്. ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി, ഇന്റലിജൻസ് ഡയറക്ടർ തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള സുരക്ഷാ അവലോകന സമിതിയുടെ നിർദ്ദേശപ്രകാരമാണ് വിശിഷ്ട വ്യക്തികളുടെ സുരക്ഷയ്ക്കായി പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നത്. ഡിവൈ.എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന് അയാളുടെ അധികാരാതിർത്തിയിൽ നിന്നും ഒരു സിവിൽ പോലീസ് ഓഫീസറെയും എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന് രണ്ട് സി.പി.ഒ.- മാരേയും ഡി.ഐ.ജി. റാങ്ക് മുതലുള്ള ഉദ്യോഗസ്ഥർക്ക് 2 സി.പി.ഒ./എസ്.സി.പി.ഒ.-മാരെയും സുരക്ഷാ ഡ്യൂട്ടിക്കായി നിയോഗിക്കാം. നിലവിൽ 335-ഓളം പോലീസുകാരെ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുണ്ട്. 11-05-2018-ലെ സംസ്ഥാന സുരക്ഷാ സമിതി റിവ്യൂ പ്രകാരം വിവിധ തലങ്ങളിലുള്ള 23 പേർക്ക് സുരക്ഷാ സംവിധാനം ആവശ്യമില്ലെന്ന്

കണ്ടെത്തിയിട്ടുണ്ട്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ച് വ്യക്തികൾക്കും ഉദ്യോഗസ്ഥർക്കും നേതാക്കൾക്കും അവർ വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ പദവികളോ നിലപാടുകളോമൂലം ഭീകരവാദികളിൽനിന്നോ തീവ്രവാദികളിൽനിന്നോ മതമൗലികവാദികളിൽനിന്നോ ഭീഷണി നേരിടുകയാണെങ്കിൽ അവർക്കും ഉന്നത പദവിയിലിരിക്കുന്ന ഉദ്യോഗസ്ഥർക്കും സുരക്ഷ ഒരുക്കേണ്ടതുണ്ട്. വിശിഷ്ട വ്യക്തികൾ നേരിടുന്ന സുരക്ഷാ ഭീഷണി കണക്കിലെടുത്ത് അവർക്ക് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വിവിധ തരത്തിലുള്ള സുരക്ഷാരീതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ച് സുരക്ഷയ്ക്കായി ഉന്നത ഉദ്യോഗസ്ഥരുടെ വസതികളിൽ പോലീസ് സേനാംഗങ്ങളെ പാറാവ് ഡ്യൂട്ടിക്കും യാത്രാവേളകളിൽ എസ്കോർട്ട്/പൈലറ്റ് ഡ്യൂട്ടികൾക്കും നിയോഗിക്കാറുണ്ട്. സുരക്ഷയ്ക്കായി മാത്രം നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരെ ഉന്നത ഉദ്യോഗസ്ഥർ ദാസ്യവൃത്തിക്കോ വ്യക്തിപരമായ ആവശ്യങ്ങൾക്കോ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. മുരളീധരൻ</u>: 2011-ലെ കേരള പോലീസ് ആക്ടിന് വിരുദ്ധമായി പോലീസിലെ ഉന്നത ഉദ്യോഗസ്ഥർ തങ്ങളുടെ വീടുകളിൽ ദാസ്യവൃത്തിക്കും മനുഷ്യത്വരഹിതമായ മറ്റ് കൂലിപ്പണികൾക്കും പോലീസ് സേനാംഗങ്ങളെ

ഉപയോഗിച്ചതുമൂലം ഉണ്ടായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ചുള്ള അടിയന്തരപ്രമേയത്തിന് ഒറ്റ വാചകത്തിൽ മാത്രം മറുപടി നൽകിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വി.ഐ.പി.കൾക്ക് നൽകുന്ന സുരക്ഷാ നടപടികളെക്കുറിച്ചാണ് കൂടുതൽ പറഞ്ഞത്. ഏതാനും ദിവസങ്ങളായി കേരളാ പോലീസിൽ നടക്കുന്ന ദാസ്യവൃത്തിയെക്കുറിച്ച് പത്രവാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ഒരു എ.ഡി.ജി.പി.-യുടെ മകൾ പോലീസ് ഉദ്യോഗസ്ഥനായ ഡ്രൈവറെ മർദ്ദിച്ച സംഭവത്തിൽ നടപടി സ്വീകരിക്കുവാനോ അറസ്റ്റ് ചെയ്യാനോ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതിനെതിരെ നടപടി സ്വീകരിക്കുവാനോ തയ്യാറാകാതെ പോലീസ് ഡ്രൈവർക്കെതിരെ കേസെടുക്കുകയാണ് ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ ക്രമസമാധാനനില പരിപാലിക്കാൻ ബാധ്യസ്ഥരായ പോലീസുകാരെക്കൊണ്ട് ദാസ്യവൃത്തി ചെയ്യിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം. ഒരു എ.ഡി.ജി.പി.-ക്ക് എതിരായുള്ള കുറ്റം മറ്റൊരു എ.ഡി.ജി.പി.-യെക്കൊണ്ട് അന്വേഷിപ്പിക്കുന്നത് അന്വേഷണത്തെ പ്രതികൂലമായി ബാധിക്കും. ക്യാമ്പ് ഫോളോവർമാരെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ദാസ്യവൃത്തിക്ക് ഉപയോഗിക്കാറില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞത് യാഥാർത്ഥ്യമല്ല. പോലീസിലെ ചില ഉന്നത ഉദ്യോഗസ്ഥരെ ഗവൺമെന്റ് വഴിവിട്ട് സഹായിക്കുന്നതിന്റെ ഫലമാണ് പോലീസ് സേനയിലുണ്ടായിരിക്കുന്ന ഇത്തരം

സംഭവങ്ങൾ. അതാണ് ക്രമസമാധാന തകർച്ചയുടെ മുഖ്യകാരണം. ഇത് സംബന്ധിച്ച് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടും പോലീസ് അസോസിയേഷന്റെ റിട്ടൺ പരാതി ലഭിച്ചിട്ടും കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കാൻ സർക്കാർ തയ്യാറായിട്ടില്ല. ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പോലീസ് സേനാംഗങ്ങളെ ദാസ്യവൃത്തിക്കുപയോഗിക്കുന്നുവെന്ന പരാതി മാധ്യമങ്ങൾ ഉന്നയിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതുവായ രീതികൾക്ക് നിരക്കുന്നതല്ല ദാസ്യവൃത്തി. പോലീസ് ഉദ്യോഗസ്ഥരുടെ താമസ സ്ഥലത്തുതന്നെ ക്യാമ്പ് ഓഫീസ് പ്രവർത്തിക്കുമ്പോൾ ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ ആളുകളെ നിയോഗിക്കാറുണ്ട്. വീട്ടുജോലിയോ നായയെ പരിപാലിക്കലോ ഇങ്ങനെ നിയോഗിക്കപ്പെട്ടവരുടെ ചുമതലയിൽപ്പെട്ടതല്ല. ഒരു പോലീസ് ഉദ്യോഗസ്ഥനും അത്തരം കാര്യം ചെയ്യിപ്പിക്കാൻ അധികാരമില്ല. ഇതുസംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള പരാതികളുടെ നിജസ്ഥിതി അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. ഡിസിപ്ലിൻഡ് ഫോഴ്സ് എന്ന നിലയിൽ മേലുദ്യോഗസ്ഥരെ അനുസരിക്കാൻ പോലീസുകാർ നിർബന്ധിതരാകുകയാണ്. എത്ര ഉന്നത റാങ്കിലുള്ളവരായാലും തെറ്റ് ചെയ്യുന്നവരെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കില്ല.

ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. എം. മാണി, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

(1) <u>ഔഷധങ്ങളുടെ ഗുണനിലവാരവും വില നിയന്ത്രണവും</u>

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സംസ്ഥാനത്ത് ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുകയും വില നിയന്ത്രിക്കുകയും ചെയ്യണം. കേരളത്തിൽ വിറ്റഴിക്കുന്ന മരുന്നുകളിൽ 98 ശതമാനവും അന്യസംസ്ഥാനങ്ങളിൽ ഉത്പാദിപ്പിക്കുന്നവയാണ്. അവ ഇവിടെത്തന്നെ ഉത്പാദിപ്പിക്കുന്നതിനും കേരളത്തിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ ലാബുകൾ നിർമ്മിക്കുന്നതിനും പരിശോധനയ്ക്കുശേഷംമാത്രം മരുന്നുകൾ വിതരണം ചെയ്യുന്നതിനും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ബൈലായിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും നടപടി സ്വീകരിക്കണം. ഗുണനിലവാരം

കുറഞ്ഞതായി കണ്ടെത്തുന്ന മരുന്നുകളുടെ വിവരങ്ങൾ സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനും അവ വിപണിയിലെത്തുന്നത് തടയുന്നതിനും ഫാർമസി കമ്പനികളുടെ ചൂഷണം അവസാനിപ്പിച്ച് ജീവൻരക്ഷാ മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് പ്രകാരം തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിക്കുന്ന ഡ്രഗ് ടെസ്റ്റിംഗ് സ്റ്റാറ്റ്യൂട്ടറി ലബോറട്ടറികളിൽ പരിശോധന നടത്തിയശേഷമാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ മരുന്നുകൾ വാങ്ങുന്നത്. പ്രതിവർഷം കെ.എം.എസ്.സി.എൽ. വിതരണം ചെയ്യുന്ന മരുന്നുകളുടെ സാമ്പിളുകൾ ശേഖരിച്ച് മരുന്നുകളുടെയും ഉൽപ്പാദകരുടേയും വിവരങ്ങൾ ഡീകോഡ് ചെയ്തശേഷം സാമ്പിൾ കോഡ് പതിപ്പിച്ച് എം-പാനൽ ലബോറട്ടറികളിലേയ്ക്ക് അയയ്ക്കുകയും പരിശോധനയിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തുന്ന മരുന്നുകളുടെ ഉപയോഗം അവസാനിപ്പിക്കുന്നതിനായി ഫ്രീസ് മെമ്മോ നൽകുകയും ഗുണനിലവാരമുള്ള മരുന്നുകൾ പുനരുപയോഗിക്കാൻ അനുമതി നൽകുകയും ചെയ്യുന്നു. കോർപ്പറേഷൻ സംഭരിക്കുന്ന മരുന്നുകളിൽനിന്ന് ഡ്രഗ്സ് ഇൻസ്പെക്ടർമാർ സാമ്പിളുകൾ ശേഖരിച്ച് സ്റ്റാറ്റ്യൂട്ടറി അനാലിസിസ് നടത്തുകയും

മരുന്നുകളുടെ രണ്ടിലധികം ബാച്ചുകൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്നപക്ഷം മരുന്നുൾപ്പെടെ അതിന് കാരണക്കാരായ കമ്പനികളെ കരിമ്പട്ടികയിൽപ്പെടുത്തുകയും മൂന്ന് വർഷത്തേയ്ക്ക് ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കുകയും ചെയ്യും. മരുന്നുകൾ കാഴ്ചയിലും നിറത്തിലും അടയാളങ്ങളിലും സമാന മാതൃകയിലായിരിക്കുന്നത് തെറ്റിദ്ധാരണ ജനിപ്പിക്കുമെന്നതിനാൽ പ്രശ്നം പരിഹരിക്കുന്നതിനായി കളർ കോഡ് സംവിധാനം നടപ്പിലാക്കി. ശീതോഷ്മാവിൽ സൂക്ഷിക്കേണ്ട മരുന്നുകളും നർക്കോട്ടിക് വിഭാഗത്തിൽപ്പെട്ട മരുന്നുകളും ഗുണനിലവാര പരിശോധനകൾക്കായി നോയിഡയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസിലേയ്ക്ക് അയയ്ക്കുകയും ടെസ്റ്റിംഗ് ലബോറട്ടറികളിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ ലബോറട്ടികളെ എം-പാനൽ ലാബുകളുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി എൻ.എ.ബി.എൽ. അക്രെഡിറ്റേഷനുള്ള ഫാർമ ആന്റ് അലൈഡ് ടെസ്റ്റിംഗ് ലബോറട്ടറിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ ലാബിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനാൽ മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്താൻ തൽക്കാലം സാധ്യമല്ല. കെ.എസ്.ഡി.പി.യെ മുഖ്യധാരയിലെത്തിക്കുന്നതിനായി 2017-18

സാമ്പത്തികവർഷം 26 കോടി രൂപയുടെ വിതരണ ഉത്തരവുകൾ നൽകുകയും സംഭരിക്കുന്ന മരുന്നുകൾക്ക് എൽ.1 റേറ്റിൽ നിന്ന് 25 ശതമാനം അധികം തുക നൽകുകയും വിവിധ ഇളവുകൾ അനുവദിക്കുകയും ടെണ്ടർ നടപടികളിൽനിന്ന് ഒഴിവാക്കുകയും നിരതദ്രവ്യം, കരുതൽ ധനം എന്നിവ സമർപ്പിക്കുന്നതിൽനിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. പൊതുമാർക്കറ്റിലെ മരുന്നുകളുടെ വില നിശ്ചയിക്കുന്നത് കേന്ദ്ര വിലനിർണ്ണയ സമിതിയായതിനാൽ ക്യാൻസർ രോഗത്തിനുള്ള മരുന്നിന്റെ കാര്യം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നിരോധിക്കപ്പെട്ട മരുന്നുകളുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാരുണ്യ ഫാർമസികൾ വഴിയും ജനറിക് കൗണ്ടറുകൾ വഴിയും മരുന്നുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## (2) വയോജന നയ പരിഷ്കരണവും വയോജന ക്ഷേമവകുപ്പ് രൂപീകരണവും

ശ്രീ. റോഷി അഗസ്റ്റിൻ: സംസ്ഥാന വയോജന കൗൺസിലുകൾ വഴിയും ജില്ലാ കമ്മിറ്റികൾ മുഖാന്തിരവും വയോജനങ്ങളുടെ പ്രശ്നപരിഹാരത്തിന് സംവിധാനമുണ്ടാക്കിയെങ്കിലും അവ പര്യാപ്തമല്ലാത്തതിനാൽ വയോജനങ്ങളുടെ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി വയോജന നയം പരിഷ്കരിക്കുന്നതിനും വയോജന ക്ഷേമ വകുപ്പ് രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): വയോജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് അനേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ 2009-ൽ സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിക്കുകയും വയോജന സംരക്ഷണ നിയമം നടപ്പാക്കുന്നതിനായി മെയിന്റനൻസ് ട്രൈബ്യൂണലുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾക്ക് പരിഹാരമുണ്ടാക്കാൻ അദാലത്തുകൾ നടത്തുന്നുണ്ട്. മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 21 ടെക്നിക്കൽ അസിസ്റ്റന്റുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് പരിശീലനം നൽകിയിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥകളും മാർഗ്ഗ നിർദ്ദേശങ്ങളും കാര്യക്ഷമമായി നടപ്പാക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർമാരെയും സബ്കളക്ടർമാരെയും ഉൾപ്പെടുത്തി ഒരു ഏകദിന പരിശീലന ക്യാമ്പ് നടത്തിയിട്ടുണ്ട്. മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ വിചാരണയ്ക്കെത്തുന്ന മുതിർന്ന പൗരന്മാർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സായംപ്രഭ എന്ന പേരിൽ ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. വയോജനങ്ങൾക്കായി പകൽ വീടുകൾ ആരംഭിക്കുന്നതിനും വയോജന മന്ദിരങ്ങൾ പരിഷ്കരിക്കുന്നതിനും അവയെ

സായംപ്രഭ മന്ദിരങ്ങളാക്കി ആധുനികവത്കരിക്കുന്നതിനും വയോജനങ്ങൾക്കായി സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനും മന്ദഹാസം പദ്ധതി നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 70 ആധുനിക പകൽ വീടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആരംഭിക്കുന്നതിനും നഗരസഭകളിൽ ആരംഭിച്ചിട്ടുള്ള വയോമിത്രം പദ്ധതി ബ്ലോക്ക് തലത്തിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് കേന്ദ്ര സർക്കാരിന്റെ കഴിഞ്ഞ വർഷത്തെ വയോശ്രേഷ്ഠ അവാർഡ് സംസ്ഥാന സാമൂഹ്യനീതി വകുപ്പിന് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 288 വൃദ്ധസദനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകിവരുന്നു. വയോജന നയം അടിസ്ഥാനമാക്കിയുള്ള പ്രായോഗിക പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുന്തിയ പരിഗണന നൽകുന്നത്. സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ച് വനിതാ ശിശുക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. പകൽ വീടുകൾ മെച്ചപ്പെടുത്തുന്നതിനും ഫാമിലി ഹെൽത്ത് സെന്ററുകളിൽ വയോജനങ്ങൾക്ക് സൗജന്യമായി ഔഷധങ്ങൾ ലഭ്യമാക്കുന്നതിനും വയോജനങ്ങൾ ഉൾപ്പെടെയുള്ളവർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

## III സബ്മിഷൻ

(1) ഷഹീറിനെ വെട്ടിപ്പരിക്കേൽപ്പിച്ചത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): യൂത്ത് കോൺഗ്രസ് കൊല്ലം സെൻട്രൽ മണ്ഡലം കമ്മിറ്റി പ്രസിഡന്റ് ഷഹീറിനെ മാരകമായി വെട്ടിപ്പരിക്കേൽപ്പിച്ച സംഭവത്തിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകരെ അറസ്റ്റ് ചെയ്യണം.

മുഖ്യമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): പരവൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകനായ ഷഹീറിനെ വെട്ടിപ്പരിക്കേൽപ്പിച്ച സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളിൽ ആറുപേരെ തിരിച്ചറിയുകയും മറ്റു പ്രതികളെ കണ്ടെത്താനുള്ള ശ്രമം നടത്തിവരികയുമാണ്. സംഘട്ടനത്തിൽ പരിക്കേറ്റ പ്രതികളിലൊരാൾ കൊല്ലം മെഡിസിറ്റി ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നതിനാൽ പോലീസ് നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രതിയുടെ ബന്ധുവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരവൂർ സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രത്യേക ടീമിനെ നിയോഗിച്ച് പ്രതികളെ കണ്ടെത്തുന്നതിന് ഊർജ്ജിത ശ്രമം നടത്തിവരുന്നു.

(2) ട്രെയിനുകൾക്ക് നേരെയുള്ള കല്ലേറ്

ശ്രീ. എം. ഉമ്മർ: സംസ്ഥാനത്ത് ട്രെയിനുകളിൽ യാത്ര ചെയ്യുന്നവർക്ക് നേരെ കല്ലേറുണ്ടാകുകയും പരിക്കേൽക്കുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതാവർത്തിക്കാതിരിക്കുന്നതിനും കുറ്റവാളികളെ പിടികൂടുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സംസ്ഥാനത്തെ ട്രെയിൻ യാത്രക്കാർക്കും റെയിൽവേ ജീവനക്കാർക്കും സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി റെയിൽവേ സംരക്ഷണസേനയുമായി സഹകരിച്ച് എല്ലാ ട്രെയിനുകളിലും എസ്കോർട്ട് ഡ്യൂട്ടി ഏർപ്പെടുത്തിയിട്ടുണ്ട്. ഓടിക്കൊണ്ടിരിക്കുന്ന ട്രെയിനുകളിലുൾപ്പെടെ യാത്രക്കാർക്കും ജീവനക്കാർക്കും നേരെ കല്ലേറുണ്ടായ ഒറ്റപ്പെട്ട സംഭവങ്ങളിൽ പരിക്കേറ്റവർക്ക് യഥാസമയം വൈദ്യസഹായം നൽകിയിട്ടുണ്ട്. പ്ലാറ്റ്ഫോമും റെയിൽവേ ട്രാക്കുകളും കേന്ദ്രീകരിച്ച് പട്രോളിംഗും ബീറ്റും നടത്തിയും ഹൈവേ പോലീസിന്റെ സേവനം ഉപയോഗിച്ചും കുറ്റവാളികൾക്കെതിരെ കർശന നിയമനടപടിയെടുത്തും ഇത്തരം കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## (3) യുവാവിന് മർദ്ദനം

ശ്രീ. അനിൽ അക്കര: കാറിന് സൈഡ് കൊടുക്കാത്തതിന്റെ പേരിൽ യുവാവിനെ മർദ്ദിക്കുകയും അദ്ദേഹത്തിന്റെ അമ്മയോട് മോശമായി പെരുമാറുകയും ചെയ്ത പത്തനാപുരം എം.എൽ.എ.-യ്ക്കെതിരെ നിസ്സാര കേസും മർദ്ദനമേറ്റ യുവാവിനെതിരെ ജാമ്യമില്ലാ കേസും എടുത്ത നിലപാട് തിരുത്തുന്നതിനും ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകണം.

മുഖ്യമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): കൊല്ലം അഞ്ചലിൽ മരണവീട്ടിലെത്തിയ നിയമസഭാംഗം ശ്രീ. കെ. ബി. ഗണേഷ്കുമാറിന് വാഹനം കടന്നുപോകുന്നതിന് സൗകര്യം നൽകാത്തതിനെ സംബന്ധിച്ചുണ്ടായ തർക്കത്തിൽ എം.എൽ.എ.-യ്ക്കൊപ്പം സഞ്ചരിച്ച പ്രദീപ് കുമാറിന്റെ പരാതിപ്രകാരം അനന്തകൃഷ്ണനും മാതാവിനുമെതിരെയും അനന്തകൃഷ്ണന്റെ പരാതി പ്രകാരം എം.എൽ.എ.-യ്ക്കും ഡ്രൈവർക്കുമെതിരെയും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരാതിക്കാരന്റെ മാതാവിന്റെ രഹസ്യമൊഴി രേഖപ്പെടുത്തുകയും ഇരു കേസുകളുടെയും അന്വേഷണം നടന്നുവരികയുമാണ്. എം.എൽ.എ.-യുടെ വസതിയിലേയ്ക്ക് നടത്തിയ മാർച്ചിൽ ഡ്യൂട്ടിയിലുണ്ടായ എസ്.എച്ച്.ഒ.-യെ പരിക്കേൽപ്പിച്ചതിനും ഗതാഗത തടസ്സമുണ്ടാക്കിയതിനും കൊല്ലം ഡി.സി.സി.

പ്രസിഡന്റിനും പ്രവർത്തകർക്കുമെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്. അഞ്ചൽ സി.ഐ.-യെ സ്ഥലം മാറ്റുകയും പുതിയ അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കുകയും കേസന്വേഷണം ഊർജ്ജിതമായി നടത്തുന്നതിന് ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(4) അപ്രോച്ച് റോഡിന്റെ പുനർനിർമ്മാണം

ശ്രീ. എ. പി. അനിൽ കുമാർ: മമ്പാട് പഞ്ചായത്തിലെ ഓടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് കനത്ത മഴയിൽ തകർന്ന സാഹചര്യത്തിൽ അടിയന്തരമായി റോഡ് പുനർനിർമ്മിക്കുന്നതിനും പണി പൂർത്തിയാകുന്നതുവരെ പ്രദേശവാസികൾക്ക് സഞ്ചരിക്കുന്നതിനായി ബദൽ റോഡുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): താല്ക്കാലിക പ്രവൃത്തി ചെയ്ത് അപ്രോച്ച്റോഡ് ഉപയോഗപ്രദമാക്കാൻ കഴിയുകയില്ല എന്നും റെഗുലേറ്ററിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള കോൺക്രീറ്റ് പാർശ്വഭിത്തിയുടെ പ്രവൃത്തി ഇപ്പോൾ തകർന്നിട്ടുള്ള ഭാഗത്തും നടത്തി അപ്രോച്ച് റോഡിനെ പൂർവ്വ സ്ഥിതിയിലാക്കുകയാണ് പോംവഴിയെന്നുമാണ് സംയുക്ത നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ നിർദ്ദേശിച്ചിട്ടുള്ളത്. മഴക്കാലത്തിനു ശേഷം മാത്രമേ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കൂ. ജനങ്ങൾക്ക് മറുകരയിൽ

എത്തിച്ചേരാൻ മറ്റൊരു വഴി കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. അതിനുവേണ്ടി അപ്രോച്ച് റോഡിന്റെ തകരാത്ത ഭാഗത്തേയ്ക്ക് ഹൈവേയിൽ നിന്നും ഒരു ഫുട്പാത്ത് നിർമ്മിച്ച് ചെറിയ വാഹനങ്ങൾക്ക് കടന്നുപോകാൻ കഴിയുന്ന തരത്തിൽ ഉപയോഗിക്കാവുന്നതാണ്. ബദൽ റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലമെടുപ്പ് സംബന്ധിച്ച് ജനപ്രതിനിധികളുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

(5) റീ സർവ്വേ

ശ്രീമതി വീണാ ജോർജ്ജ്: പത്തനംതിട്ട ജില്ലയിലെ അവശേഷിക്കുന്ന എല്ലാ വില്ലേജുകളിലും റീസർവ്വേ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പത്തനംതിട്ട ജില്ലയിലുള്ള വില്ലേജുകളിലെ റീസർവ്വേ നടപടികൾ പുരോഗമിച്ചുവരികയാണ്. പല സർക്കാർ ഓഫീസുകളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. ഈ ജില്ലയിലെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി സ്ഥലത്തിന്റെ സ്കെച്ച് ഉൾപ്പെടെ അർത്ഥനാധികാരികൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. സർക്കാർ ഭൂമി അന്യാധീനപ്പെട്ടുപോകാൻ അനുവദിക്കുന്നതല്ല. സംസ്ഥാന സർക്കാരിന്റെ അംഗീകൃത ഏജൻസികളെക്കൊണ്ട് പത്തനംതിട്ട ജില്ലയിലെ റീസർവ്വേ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നയപരമായ തീരുമാനം എടുത്തിട്ടുണ്ട്.

## (6) കാലവർഷക്കെടുതിമൂലമുള്ള നാശനഷ്ടം

ശ്രീ. പി. കെ. ബഷീർ: ചാലിയാർ എടവണ്ണ പഞ്ചായത്തിൽ കാലവർഷക്കെടുതിമൂലമുണ്ടായ നാശനഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സംസ്ഥാനത്ത് കാലവർഷക്കെടുതികൾ നേരിടുന്നതിനും മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനും സർക്കാർ 16-05-2018-ൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ജില്ലാ കളക്ടർമാരെയും ഉൾപ്പെടുത്തി യോഗങ്ങൾ സംഘടിപ്പിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു. ചാലിയാർ ഗ്രാമപഞ്ചായത്തിൽ വ്യക്തികൾക്കുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കി നഷ്ടപരിഹാരം നൽകുന്നതാണ്. ഓരോ നിയോജകമണ്ഡലത്തിലും പഞ്ചായത്തുകളിലും ആവശ്യമായ പരിശോധനകൾ നടത്തി തുക വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട കളക്ടർമാരുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (7) ചുഴലിക്കാറ്റുമൂലമുള്ള നാശനഷ്ടം

ശ്രീ. പി. സി. ജോർജ്: പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ ചുഴലിക്കാറ്റുമൂലമുണ്ടായ നാശനഷ്ടത്തിന് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ പാറത്തോട് ഗ്രാമപഞ്ചായത്തിലുണ്ടായ ശക്തമായ കാറ്റിൽ പൊടിമറ്റം സെന്റ് ജോസഫ് എൽ.പി.എസ്., നിർമ്മൽ ഭവൻ, സി.എം.സി. കാർമൽ ഭവൻ എന്നീ സ്ഥാപനങ്ങൾക്കുണ്ടായ കേടുപാടുകളും കൃഷിക്കാർക്കുണ്ടായ നാശനഷ്ടവും കണക്കാക്കിയിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധി മാനദണ്ഡപ്രകാരമുള്ള ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കോട്ടയം ജില്ലയിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള തുക അനുവദിച്ചിട്ടുണ്ട്. കാലവർഷക്കെടുതികൾ നേരിടുന്നതിന് സാധ്യമായ നടപടികളും പ്രത്യേക മന്ത്രിസഭാ യോഗ തീരുമാനമനുസരിച്ചുള്ള നഷ്ടപരിഹാരവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്ഥിതിഗതികൾ നിരന്തരം നിരീക്ഷിക്കുകയും ആവശ്യമായ തുടർ നടപടികൾ സമയബന്ധിതമായി കൈക്കൊള്ളുന്നതുമാണ്.

### (8) വിവാഹിതരായ സ്കൂൾ വിദ്യാർത്ഥികൾ

ശ്രീമതി പി. അയിഷാ പോറ്റി: മലബാർ മേഖലയിലെ വിവാഹിതരായ സ്കൂൾ വിദ്യാർത്ഥികളെ സംബന്ധിച്ച് ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ശൈശവ വിവാഹം തടയുന്നതിന് ശക്തമായ നടപടി

സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2006-ലെ ശൈശവ വിവാഹ നിരോധന നിയമവും 2008-ലെ ശൈശവ വിവാഹ നിരോധന ചട്ടവും പ്രകാരം ചുമതലകൾ നിർവ്വഹിക്കുന്നതിന് 258 ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വനിതാ-ശിശു വികസന ഡയറക്ടറെ മുഖ്യ ശൈശവ വിവാഹ നിരോധന ഓഫീസറായി നിശ്ചയിക്കുകയും വിവിധ നിയമങ്ങൾക്ക് വിധേയമായി സി.ഡി.പി.ഒ.-മാർ ശൈശവ നിരോധന പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് തലത്തിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിക്കുകയും കുട്ടികളുടെ പ്രശ്നങ്ങൾ അതാത് സമയത്ത് പരിശോധിച്ചുവരികയും ചെയ്യുന്നുണ്ട്. സി.ഡി.പി.ഒ.-മാർ, സൂപ്പർവൈസർമാർ, അങ്കണവാടി വർക്കർമാർ, ജനപ്രതിനിധികൾ എന്നിവർക്ക് ശിശുസംരക്ഷണ ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശീലനം നൽകി വരികയും ചെയ്യുന്നു. 2016 മുതൽ 2018 മേയ് മാസം വരെ കോഴിക്കോട് ജില്ല ഒഴികെ വിവിധ ജില്ലകളിൽ 50 ശൈശവ വിവാഹങ്ങൾ നടന്നതിനെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു. മലബാർ മേഖലയിലെ സ്കൂളുകളിൽ വിവാഹിതരായ കുട്ടികൾ വരുന്നുവെന്ന് ദൃശ്യ

മാധ്യമങ്ങളിൽ വാർത്ത വന്നയുടനെ സാമൂഹ്യനീതി വകുപ്പ് അന്വേഷണം നടത്തുകയും പ്രായപൂർത്തിയാകാത്ത ഒരു കുട്ടിയുടെ വിവാഹം തടയുന്നതിന് കോടതിയിൽനിന്നും ഇൻജക്ഷൻ ഓർഡർ വാങ്ങുകയും ചെയ്തു. പൊതുജനങ്ങൾക്കും രക്ഷകർത്താക്കൾക്കും ബോധവത്കരണത്തിനായി ഷോർട്ട് ഫിലിമുകൾ പ്രദർശിപ്പിക്കുകയും ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റേയും ചൈൽഡ് ലൈനിന്റേയും ഫോൺ നമ്പർ പൊതുസ്ഥലത്തും സ്കൂളുകളിലും പ്രദർശിപ്പിച്ച് പരാതി പറയാനുള്ള അവസരം നൽകുകയും ചെയ്യുന്നുണ്ട്. ആദിവാസി മേഖലകളിൽ ശക്തമായ ബോധവത്കരണം നടത്തുന്നതുകൊണ്ട് ശൈശവ വിവാഹങ്ങൾ കുറഞ്ഞു വരുന്നു. നിയമവിധേയമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

(9) ട്രോമാകെയർ യൂണിറ്റ്

ശ്രീ. ബി. ഡി. ദേവസ്സി: ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റും ഡീ-അഡിക്ഷൻ സെന്ററും പ്രവർത്തനക്ഷമമാക്കുന്നതിനും ആർദ്രം പദ്ധതി പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിനും പവർ ലോൺട്രിയും മാലിന്യ സംസ്കരണ പ്ലാന്റും ആരംഭിക്കാൻ ഫണ്ട് അനുവദിക്കുന്നതിനും കാൻസർ വാർഡ്, സി.ടി. സ്കാൻ എന്നിവ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ചാലക്കുടി താലൂക്കാശുപത്രിയിൽ 14 പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

ട്രോമാകെയർ സർജറി വാർഡ് പണിയുന്നതിന് 5.35 കോടി രൂപയുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. സി.ടി. സ്കാൻ ആരംഭിക്കാനുള്ള ധനസഹായം എൻ.എച്ച്.എം. വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഡീ-അഡിക്ഷൻ സെന്ററും മാലിന്യ സംസ്കരണ പ്ലാന്റും ആരംഭിക്കാൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആശുപത്രികളുടെ പട്ടികയിൽ ഈ ആശുപത്രിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വിശദമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പവർ ലോൺട്രി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആർദ്രം പദ്ധതി പ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കുന്ന ഘട്ടത്തിൽ ഈ ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്.

## (10) ആർ.സി.സി.യിൽ വേദനസംഹാരികൾ ലഭ്യമാക്കൽ

ശ്രീ. മുഹമ്മദ് മുഹസിൻ പി.: ആർ.സി.സി.യിൽനിന്നും രോഗികൾക്കാവശ്യമായ വേദനസംഹാരിയായ മോർഫിൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കാൻസർ രോഗികൾ ഉപയോഗിക്കുന്ന വേദനസംഹാരിയായ മോർഫിൻ മരുന്നിന് ദൗർലഭ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നർക്കോട്ടിക് വിഭാഗത്തിൽപ്പെട്ട മരുന്ന് വൻതോതിൽ വിതരണം ചെയ്യുന്നത് ദുരുപയോഗം

ചെയ്യാനിടയാകുമെന്നതിനാൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും രോഗികൾക്ക് ആവശ്യം വരുന്നമുറയ്ക്ക് കൂടുതൽ മരുന്ന് നൽകാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ആർ.സി.സി.-ക്ക് വൻതോതിൽ മോർഫിൻ ഉല്പാദിപ്പിക്കാൻ സാധിക്കുകയില്ല. അംഗീകൃത മെഡിക്കൽ സ്ഥാപനങ്ങളിൽനിന്നും രോഗികൾക്കാവശ്യമായ മോർഫിൻ ലഭിക്കുന്നതാണ്. ആവശ്യമായ മുറയ്ക്ക് അധിക അലോട്ട്മെന്റും കാലതാമസം കൂടാതെ നൽകിവരുന്നുണ്ട്. മോർഫിൻ ഗുളികകളുടെ വിതരണം തടയുകയോ പരിമിതപ്പെടുത്തുകയോ ചെയ്യരുതെന്ന അടിയന്തര നിർദ്ദേശം എല്ലാ സ്ഥാപനങ്ങൾക്കും നൽകുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് -1, ലിസ്റ്റ് -2 (ചട്ടം 236(5) അനുസരിച്ചുള്ളത്) പ്രകാരമുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

1. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

2. 2018-ലെ അബ്കാരി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട്

കമ്മിറ്റി VIII-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

3. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

4. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനഞ്ച് മുതൽ പതിനേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

<u>കാലവർഷക്കെടുതി</u>

സംസ്ഥാനത്തെ കാലവർഷക്കെടുതികൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളും നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളും സംബന്ധിച്ച് മുഖ്യമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ പ്രസ്താവന നടത്തി.

## VII നിയമനിർമ്മാണകാര്യം

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ

(ii) 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ

(iii) 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബില്ലും 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബില്ലും 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ യു.ജി.സി. യോഗ്യതയുള്ള അദ്ധ്യാപകരുടെ പെൻഷൻ പ്രായം 60 വയസ്സായി ഉയർത്തുന്നതിനും അക്കാഡമിക്

വർഷത്തിനിടയിൽ വിരമിക്കുന്നവർക്ക് അക്കാഡമിക് വർഷാവസാനം വരെ സർവ്വീസിൽ തുടരുന്നത് അനുവദിക്കുന്നതിനുമായി കൊണ്ടുവന്നിട്ടുള്ള ബില്ലിന്റെ ആനുകൂല്യം നോൺ യു.ജി.സി. അദ്ധ്യാപകർക്കുകൂടി അനുവദിക്കണം. കേരള സർവ്വകലാശാലയുടെ സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കും തല്പരകക്ഷികളെ നോമിനേറ്റ് ചെയ്യുന്നതിനുവേണ്ടിയാണ് കേരള സർവ്വകലാശാല (ഭേദഗതി) ബിൽ അവതരിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തെ സർവ്വകലാശാലകൾക്കായി ഒരു ഏകീകൃത സർവ്വകലാശാലാ നിയമം നടപ്പിലാക്കണം. സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാലാവധി അവസാനിക്കുമ്പോൾ നോമിനേറ്റഡ് മെമ്പേഴ്സിനെ വയ്ക്കുന്നതിനുപകരം നിലവിലുള്ള തെരഞ്ഞെടുക്കപ്പെട്ട സമിതിയുടെ കാലാവധി നീട്ടിനൽകുന്നതായിരിക്കും നല്ലത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ പ്രകാരം നിലവിലുള്ള കോളേജ് അദ്ധ്യാപകരെ മൂന്ന് വിഭാഗമായി തിരിച്ചാണ് ആനുകൂല്യങ്ങൾ നല്കിയിരിക്കുന്നത്. യു.ജി.സി. നോംസ് അനുസരിച്ച് പ്രവർത്തിക്കുന്ന സ്റ്റാഫിന്റെയും ടെമ്പററി സ്റ്റാഫിന്റെയും വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തിയിരിക്കുന്നതിന്റെ ആനുകൂല്യം നോൺ യു.ജി.സി. അദ്ധ്യാപകർക്കുകൂടി ലഭ്യമാക്കണം. കേരള സർവ്വകലാശാല (ഭേദഗതി) ബിൽ പ്രകാരം ഇലക്ടഡ് മെമ്പേഴ്സിന്റെ കാര്യത്തിൽ

അൺഎയ്ഡഡ് മേഖലയ്ക്ക് നൽകിയിരിക്കുന്ന പ്രാതിനിധ്യം കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബില്ലിലും ഉറപ്പാക്കണം. കേരള സർവ്വകലാശാലയിലെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാലാവധി അടുത്ത ഇലക്ഷൻ വരെ നീട്ടിക്കൊടുക്കുന്നതിനുപകരം നോമിനേറ്റഡ് മെമ്പേഴ്സിനെ നിയോഗിക്കുന്ന രീതി ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് അഭിലഷണീയമല്ല. കേരളത്തിലെ യൂണിവേഴ്സിറ്റികൾക്ക് ഏകീകൃത സ്വഭാവം കൊണ്ടുവരണം.

ശ്രീ. ജെയിംസ് മാത്യുവിനുവേണ്ടി ശ്രീ. എം. സ്വരാജ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അദ്ധ്യയനവർഷത്തിന്റെ ഇടയ്ക്കുവച്ച് അദ്ധ്യാപകർ വിരമിക്കുന്നതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി കേരളത്തിലെ മറ്റ് സർവ്വകലാശാലകളിലേതുപോലെ സംസ്കൃത സർവ്വകലാശാലയിലെ അദ്ധ്യാപകരെയും അക്കാദമിക വർഷാവസാനംവരെ തുടരാൻ അനുവദിക്കുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. എം. വിൻസെന്റ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ വീണ്ടും അതേ

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജൂൺ മാസത്തിൽ സർവ്വീസിൽനിന്നും വിരമിക്കേണ്ട അദ്ധ്യാപകർക്ക് മാർച്ച് മാസം വരെ കാലാവധി നീട്ടിക്കൊടുക്കുന്നത് പുതിയ നിയമന സാധ്യത ഇല്ലാതാക്കും. സെമസ്റ്ററുകൾ മാറുന്നതനുസരിച്ച് സിലബസ്സിലും ടൈം ടേബിളിലും മാറ്റമുണ്ടാകുമെന്നതിനാൽ കോളേജ് അദ്ധ്യാപകരുടെ കാലാവധി നീട്ടൽ ഒരു സെമസ്റ്ററിലേയ്ക്ക് പരിമിതപ്പെടുത്തുന്നത് ഉചിതമായിരിക്കും. ഏപ്രിൽ മുതൽ ഒക്ടോബർ വരെയും നവംബർ മുതൽ മാർച്ചുവരെയും എന്നുള്ള രണ്ട് റിട്ടയർമെന്റ് പോയിന്റുകൾ സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും. സർവ്വകലാശാലകൾ ഫലപ്രഖ്യാപനം വൈകിക്കുന്നതിലൂടെ ഉദ്യോഗാർത്ഥികൾക്ക് ഉപരിപഠനത്തിനുള്ള അവസരം നഷ്ടമാകുന്നു. സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടെങ്കിലും 200-ഓളം തസ്തികകൾക്ക് സ്പെഷ്യൽ റൂൾസ് ഉണ്ടാക്കാത്തതിനാൽ നിയമനം നടത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. സംസ്ഥാനത്തെ ആട്ടോണമസ് കോളേജുകൾ കൃത്യമായി ഫലപ്രഖ്യാപനം നടത്തുന്നതിലൂടെ വർഷം നഷ്ടപ്പെടാതെ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് സാധിക്കുന്നുണ്ട്. സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അതിനുള്ള അവസരമൊരുക്കാനും സെമസ്റ്റർ സിസ്റ്റത്തിന്റെ അടിസ്ഥാനത്തിൽ ബിൽ പുന:ക്രമീകരിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. മമ്മൂട്ടി</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വിദ്യാഭ്യാസരംഗത്തിന്റെ ഘടനയിൽ മാറ്റം വരുത്താതെ മുന്നോട്ടുകൊണ്ടുപോകാനുള്ള ബാധ്യത മാറിമാറിവരുന്ന ഗവൺമെന്റുകൾക്കുണ്ട്. 1974-നുശേഷം നിലവിലുള്ള കേരള യൂണിവേഴ്സിറ്റിയുടെ ഘടനയിൽ മാറ്റം വരുത്തുന്ന ആദ്യത്തെ ബില്ലാണിത്. അൺ എയ്ഡഡ് കോളേജിലെ പ്രതിനിധിക്ക് സെനറ്റിൽ അംഗത്വമെടുക്കാമെന്നും സിൻഡിക്കേറ്റിൽ അംഗത്വമെടുക്കാൻ കഴിയില്ലെന്നും പറയുന്നതിന് പിന്നിൽ രാഷ്ട്രീയ ലക്ഷ്യമാണുള്ളത്. സെനറ്റിലും സിൻഡിക്കേറ്റിലും അക്കാദമിക തലങ്ങളിൽ കാലഘട്ടത്തിനനുസരിച്ച് മാറ്റങ്ങൾ കൊണ്ടുവരണം. നാനോ ടെക്നോളജിയും ആർട്ടിഫിഷ്യൽ ഇന്റലിജൻസും റോബോട്ടിക്സും പാഠ്യ വിഷയങ്ങളാകുന്നതനുസരിച്ച് അദ്ധ്യാപകർക്കും നോളഡ്ജ് അപ്ഗ്രഡേഷൻ ഉണ്ടാകണം. ഗവൺമെന്റ്/എയ്ഡഡ് മേഖലയിൽ ന്യൂജൻ കോഴ്സുകൾ ആരംഭിക്കണം.

ശ്രീ. അനൂപ് ജേക്കബിനുവേണ്ടി <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സെനറ്റും സിൻഡിക്കേറ്റുമെല്ലാം രാഷ്ട്രീയവത്കരിക്കാൻവേണ്ടി

മാത്രം കൊണ്ടുവന്ന ബില്ലാണിത്. കാലാവധി പൂർത്തിയായപ്പോൾ തെരഞ്ഞെടുപ്പ് നടത്തേണ്ടതിനുപകരം ഓർഡിനൻസ് കൊണ്ടുവന്ന് ഏകപക്ഷീയമായി കുറേ ആളുകൾക്ക് സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കും കടന്നുവരാനുള്ള മാർഗ്ഗമുണ്ടാക്കിയിരിക്കുകയാണ്. വി.സി/പി.വി.സി. നിയമനങ്ങളിൽ രാഷ്ട്രീയത്തിനതീതമായി വിദഗ്ദ്ധരായ ആളുകളെ പരിഗണിക്കണം. സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും എണ്ണം കുറച്ചതുകൊണ്ട് ഒരു നേട്ടവും ഉണ്ടാകുകയില്ല. ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഇടപെടൽ അനിവാര്യമാണ്.

ശ്രീ. എം. മുകേഷിനുവേണ്ടി ശ്രീ. ജെയിംസ് മാത്യു: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയോടുള്ള സർക്കാരിന്റെ ഉത്തരവാദിത്വംമൂലമാണ് സമയബന്ധിതമായി താൽക്കാലിക സംവിധാനം ഏർപ്പെടുത്താൻ തയ്യാറായത്. കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളിൽ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കാണ് മികച്ച ശ്രദ്ധ നൽകാറുള്ളത്. പ്രാഥമിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിലൂടെ മാത്രമേ പൊതുവിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്താനാകൂ. മന:ശാസ്ത്രം, ആരോഗ്യസംരക്ഷണം, ബുദ്ധിവികാസം എന്നിവയെക്കുറിച്ച്

പരിജ്ഞാനമുള്ള അദ്ധ്യാപകർ പ്രാരംഭ ദിശയിൽ കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. കേരളത്തിലെ പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ മികച്ച ശ്രദ്ധയും ഊന്നലും നൽകുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിമിതികളും പ്രതിസന്ധികളും അതിജീവിക്കാൻ നടപടി സ്വീകരിക്കണം. സർവ്വകലാശാലകളുടെ ആട്ടോണമി പരിരക്ഷിക്കുന്നതിനും ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും ഭരണസംവിധാനത്തിൽ കാര്യമായ മാറ്റം വരുത്തുന്നതിനും സാധിക്കണം. എല്ലാ അധികാരങ്ങളും വൈസ് ചാൻസലറിൽ നിക്ഷിപ്തമാകുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. കോളേജ് വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ശ്രദ്ധ നൽകണം. ബോർഡ് ഓഫ് സ്റ്റഡീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഗവേഷണ വിദ്യാർത്ഥികൾക്ക് അനുകൂലമായ സമീപനം സ്വീകരിക്കുന്ന എത്ര സർവ്വകലാശാലകൾ സംസ്ഥാനത്തുണ്ടെന്ന് പരിശോധിക്കണം. റിട്ടയർ ചെയ്ത അദ്ധ്യാപകരെ ഗൈഡുകളാക്കി ഗവേഷണം നടത്തുന്നതിന് വിലക്കേർപ്പെടുത്തിയ നടപടി പുനഃപരിശോധിക്കണം. ഉന്നതവിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായ മാറ്റം കൈവരിക്കുന്നതിന് സമഗ്രമായ ബിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം. ഗവേഷണ പ്രവർത്തനങ്ങൾ സ്വകാര്യവത്കരിക്കുന്ന കേന്ദ്ര സമീപനം അപലപനീയമാണ്. സെനറ്റ്/സിൻഡിക്കേറ്റ് യോഗങ്ങളുടെ അജണ്ടകളിലെ

ബാഹ്യഇടപെടൽ അവസാനിപ്പിക്കണം. വിദ്യാർത്ഥികൾക്ക് ഇക്വലൻസി സർട്ടിഫിക്കറ്റ് നൽകുന്നതിലെ തടസ്സങ്ങൾ ഒഴിവാക്കണം. കാലാകാലങ്ങളിൽ നടന്ന ഗവേഷണ പ്രവർത്തനങ്ങളുടെ അന്തിമഫലം പരിശോധിച്ചാൽ പൊതുസമൂഹത്തിനുപകരിക്കുന്ന ഗവേഷണങ്ങൾ കുറവാണെന്ന് മനസ്സിലാകും. വിദേശ സർവ്വകലാശാലകളുടെ കടന്നുവരവ് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയുടെ സംരക്ഷണത്തിനായി സർക്കാർ നടത്തുന്ന ഇടപെടലുകൾ ശ്ലാഘനീയമാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വിദ്യാഭ്യാസ രംഗത്തെ കമ്പോളവത്കരിക്കുന്ന കേന്ദ്ര സർക്കാർ സമീപനം വിദ്യാഭ്യാസത്തിന്റെയും വിദ്യാർത്ഥികളുടെയും നിലവാരത്തകർച്ചയ്ക്ക് കാരണമായിരിക്കുകയാണ്. പ്രീ-പ്രൈമറി തലം മുതൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും നടപടി സ്വീകരിച്ച സർക്കാർ നിലപാട് പ്രശംസനീയവും ലോകത്തിന് മാതൃകയുമാണ്. വിദ്യാർത്ഥികൾക്ക് യഥാസമയം പാഠപുസ്തകം ലഭ്യമാക്കുന്നതിനും ഭക്ഷണം നൽകുന്നതിനും സർക്കാരിന്

സാധിച്ചിട്ടുണ്ട്. കേരളത്തിലെ വിദ്യാഭ്യാസം ജനകീയ പ്രസ്ഥാനമായി മാറിയിരിക്കുകയാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് മൗലീകമായ മാറ്റങ്ങളാണ് വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. എല്ലാ മണ്ഡലങ്ങളിലെയും ഓരോ സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ബില്ലുകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ഉന്നത വിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്കുതകുന്ന തരത്തിലുള്ള ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ഇവിടെ അവതരിപ്പിക്കപ്പെട്ട ബില്ലുകൾ രാഷ്ട്രീയപ്രേരിതമാണെന്നും അപ്രസക്തമാണെന്നുമുള്ള അഭിപ്രായം അടിസ്ഥാനരഹിതമാണ്. ജനകീയവും അക്കാദമികവുമായ രീതിയിലുള്ള ബില്ലുകളാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പല മാറ്റങ്ങളും വരുത്തത്തക്ക രീതിയിലുള്ള നിയമനിർമ്മാണം ഭാവിയിലും നടത്തുന്നതാണ്. സർവ്വകലാശാലകളിലെ നിലവിലുള്ള കുറവുകൾ നികത്തി ഉന്നത നിലവാരത്തിലെത്തിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. അക്കാദമിക രംഗത്തെ തകർക്കുന്ന രീതിയിലുള്ള യു.ജി.സി. നിർദ്ദേശങ്ങളെ ഒറ്റക്കെട്ടായി ചെറുക്കേണ്ടതാണ്. അക്കാദമിക് രംഗം ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിനാവശ്യമായ പരിശീലനം സർവ്വകലാശാല അധ്യാപകർക്ക്

നൽകാൻ ശ്രമിക്കുന്നതാണ്. പരീക്ഷാഫലങ്ങൾ യഥാസമയം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത് അഭിമാനാർഹമായ നേട്ടമാണ്. കോഴിക്കോട് സർവ്വകലാശാല ഈ വർഷത്തെ സർട്ടിഫിക്കറ്റടക്കമുള്ള എല്ലാ പരീക്ഷാരേഖകളും സെപ്റ്റംബർ മാസത്തിനു മുമ്പ് വിതരണം ചെയ്യാനെടുത്ത തീരുമാനം ചരിത്രപരമാണ്. എല്ലാ യൂണിവേഴ്സിറ്റികളിലും പ്രവേശനവും പരീക്ഷാനടത്തിപ്പും ഒരേ സമയത്ത് നടത്തുന്നതിനുള്ള ക്രമീകരണവുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. പുതിയ കോഴ്സുകൾ രൂപപ്പെടുത്താനും സിലബസ്, കരിക്കുലം പരിഷ്കരണത്തിൽ ശാസ്ത്രീയ മാറ്റങ്ങൾ കൊണ്ടുവരാനുമാണ് സർക്കാർ ശ്രമിക്കുന്നത്. ശാസ്ത്രീയമായ പഠനം നടത്തി വിവിധ സർവ്വകലാശാല ഡിഗ്രികളുടെ തുല്യത നിശ്ചയിക്കുന്നതിനായി ഹയർ എഡ്യൂക്കേഷൻ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള സർവ്വകലാശാലയിലെ സിൻഡിക്കേറ്റംഗങ്ങളുടെ നിലവിലുള്ള എണ്ണത്തിൽ മാറ്റം വരുത്തിയിട്ടില്ല. കേരള സർവ്വകലാശാലയുടെ കീഴിലുണ്ടായിരുന്ന 94 കോളേജുകൾ മറ്റു സർവ്വകലാശാലകളിലേയ്ക്ക് മാറിയ സാഹചര്യത്തിൽ അതിനാനുപാതികമായ മാറ്റമാണ് സെനറ്റിലും സിൻഡിക്കേറ്റിലും കൊണ്ടുവന്നിട്ടുള്ളത്. കാലഘട്ടത്തിനനുസരിച്ച് ടെക്നോളജിയിൽ അറിവുള്ള ആളുണ്ടാകണമെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഐ.ടി. വിദഗ്ദ്ധനെ ഉൾപ്പെടുത്തിയിട്ടുള്ളത്. സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും ഭരണപ്രതിസന്ധി മറികടക്കാനുള്ള

താല്ക്കാലിക ബദൽ എന്നുള്ള നിലയിലാണ് ഈ ക്രമീകരണമുണ്ടാക്കിയിട്ടുള്ളത്. ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ, 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ, 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(i) 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ

2-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

151. In the first proviso to section 31(3)(b) proposed to be substituted in the Principal Act by clause 2 after the word "contract", add the word "basis".

124, 127, 130, 133, 134, 136, 137, 138, 139, 140, 141, 142, 144, 146,

149, 150, 159, 160, 162, 163, 164, 165, 168, 169 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

141. In section 31 (3) (b) proposed to be substituted in the Principal Act by clause 2, the words" the age" shall be substituted with the words " retirement age" .

165. In the Second Proviso to section 31 (3) (b) proposed to be substituted in the Principal Act by Clause 2, the words " selection committee" , shall be substituted with the words " Selection Committee"

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം 33-നെതിരെ 57 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ഭേദഗതിയില്ല.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

110, 111, 120 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 33-നെതിരെ 57 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ

2-ാം വകുപ്പ്

118, 119, 120, 121, 123, 124, 125, 129, 134, 135, 136, 137, 139, 141, 142, 149, 150, 151, 152, 154, 155, 156, 157, 158 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

154. In item (5) under the heading " Other Members" in section 17 proposed to be inserted in the principal Act by clause 2(b), for the word " from" substitute the words " who shall be an expert in" .

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

168, 170, 171, 173, 177, 178, 179 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ഭേദഗതിയില്ല.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

110, 113, 114 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 32-നെതിരെ 59 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) <u>2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ</u>

<u>2-ാം വകുപ്പ്</u>

129, 130, 132, 135, 136, 137, 138, 139, 141, 142, 145, 147, 148, 149, 151, 153, 154, 155, 156, 157, 158, 159, 162, 163, 166, 167, 168, 169, 170, 171, 172, 174, 175, 176, 177, 178, 180, 182, 184, 186, 187, 188, 189, 190, 191, 192, 194, 196, 199, 200, 201, 202, 203, 204 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

141. ഖണ്ഡം 2(1)-ൽ “ ഒരു നികായം” എന്നത് “ ഒരു താൽക്കാലിക നികായം” എന്ന് മാറ്റുക

156. ഖണ്ഡം 2(2) ഇനം 2(ii)- ൽ “ കോളേജിലെ” എന്ന വാക്കിനു പകരം “ കോളേജുകളിൽ നിന്നും” എന്ന വാക്കുകൾ ചേർക്കുക.

167. ഖണ്ഡം 2(2) ഇനം 2(iii)- ലെ “ പ്രിൻസിപ്പാൾ ” എന്നതിനുപകരം

“ പ്രിൻസിപ്പൽ” എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

188-ാം നമ്പർ ഭേദഗതി 32-നെതിരെ 60 വോട്ടുകളൊടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

207, 208, 209 എന്നീ നമ്പർ ദേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

107, 109, 113, 114, 117, 118, 119, 120, 122, 123, 124, 125 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കേരള യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് അവതരിപ്പിച്ച രണ്ട് ബില്ലുകളും തികച്ചും രാഷ്ട്രീയപ്രേരിതമായിട്ടുള്ളതാണ്. സെനറ്റിൽ ഭൂരിപക്ഷം ലഭിക്കാനുള്ള അടവുനയമാണിത്. സെനറ്റിലുള്ള പ്രിൻസിപ്പൽമാരുടെ എണ്ണത്തിൽ അടിസ്ഥാനപരമായ മാറ്റം വരുത്തി അക്കാദമിക് നിലവാരമുള്ള കോളേജുകളുടെ പ്രാതിനിധ്യം കുറയ്ക്കുകയാണുണ്ടായത്. കേരള യൂണിവേഴ്സിറ്റിയുടെ ക്വാളിറ്റി അഷ്വറൻസ് കൗൺസിൽ രാഷ്ട്രീയവത്കരിക്കുന്ന നിലപാടിൽ നിന്ന് സർക്കാർ പിന്മാറണം. കേരള സർവ്വകലാശാലയുടെ നിയന്ത്രണം പൂർണ്ണമായും ഭരണകക്ഷിയുടെ കൈകളിലെത്തിക്കാനുള്ള ഈ നിയമനിർമ്മാണം ജനാധിപത്യ

സംവിധാനത്തിന് ഗുണകരമല്ല. ഈ ബില്ലുകൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നതാണ്.

2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പാസ്സാക്കണമെന്ന പ്രമേയം 32-നെതിരെ 61 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## VIII അറിയിപ്പ്

ഭിന്നലിംഗക്കാരുടെ പ്രശ്നങ്ങൾ ചിത്രീകരിച്ച "ഞാൻ മേരിക്കുട്ടി" എന്ന സിനിമയുടെ പ്രത്യേക പ്രദർശനം ഇന്ന് വൈകുന്നേരം 6.30-ന് ഏരീസ് പ്ലക്സ് തിയേറ്ററിൽ ഉണ്ടായിരിക്കുന്നതാണ്.

സഭ ഉച്ചയ്ക്കുശേഷം 3.34-ന് പിരിഞ്ഞു.

********